(ബി) ശ്രീമതി സുധർമ്മലേഖ എം. (SIA & Gender Development Consultant Bangalore)-നെയാണ് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പടുത്തിയിരുന്നത്. റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക

362 (1420) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പൊതുമരാമത്ത് വകുപ്പ്, റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15-ൽ അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എത്ര;

(സി) അനിവാര്യമായ ഇടങ്ങളിൽ അറ്റകുറ്റപ്പണി നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം വർഷംതോറും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011-12 - 63,21,42,742

2012-13 - 2,01,84,78,344

2013-14 - 65,24,13,774

2014-15 - 14,26,32,075

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15-ൽ ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

(സി) അറ്റകുറ്റപ്പണി നട നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly